(ബി) പ്രസ്തുത നിവേദനത്തിലെ അടിയന്തിരാവശ്യങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത നിവേദനത്തിന്മേൽ സർക്കാർ അനുഭാവപൂർവ്വം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(ഡി) യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തിയോ ;

(ഇ) എങ്കിൽ യൂണിയൻ ഉന്നയിച്ചിട്ടുള്ള അടിയന്തിരാവശ്യങ്ങൾ അംഗീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ - ഇ) നിവേദനം നേരത്തെ ലഭിച്ചതായി കാണുന്നില്ല. എന്നാൽ 2-7-2003-ൽ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. നിവേദനം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സർക്കാർ വിജ്ഞാപനങ്ങളും പരസ്യങ്ങളും മാധ്യമങ്ങൾക്ക് നല്കുന്നതിന് നിശ്ചയിച്ചിട്ടുള്ള താരിഫ്

150 (2092) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലേയും സ്ഥാപനങ്ങളിലേയും വിജ്ഞാപനങ്ങളും മറ്റു പരസ്യങ്ങളും വിവിധ മാധ്യമങ്ങൾക്ക് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള താരിഫ് നിരക്കുകൾ എത്രയാണെന്നും ഇതേറ്റവുമൊടുവിൽ പുനർനിർണ്ണയിച്ചത് എന്നാണെന്നും വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ പരസ്യം ഇനത്തിൽ വിവിധ മാധ്യമങ്ങൾക്ക് എത്ര തുക നല്കിക്കഴിഞ്ഞു എന്നും ബാക്കി എത്ര തുക നല്കാനുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) പരസ്യങ്ങൾ മാധ്യമങ്ങൾക്ക് നൽകുന്നതിന് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഗവൺമെന്റിന്റെ പ്രവർത്തനം വിശദീകരിക്കുന്ന പ്രസിദ്ധീകരണങ്ങൾ ഏതെങ്കിലും സ്വകാര്യ പ്രസ്സുകളിൽ അച്ചടിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിലവിലുള്ള പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് മീഡിയാ ലിസ്റ്റിലെ താരിഫ് നിരക്കുകൾ അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.*

ഏറ്റവും ഒടുവിലായി പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് മീഡിയാ ലിസ്റ്റ് സമഗ്രമായി പരിഷ്ക്കരിച്ചത് സർക്കാർ ഉത്തരവ് നം. (സാ)നമ്പർ130/2001/പി.

LIBRARY ARCHIVES Kerala Legislative Assembly

ആർ. പ്രകാരം 23-11-2001 തീയതിയിലാണ്. അതിനുശേഷം വരുത്തിയ ചില ഭേദഗതികൾ കൂടി ഉൾക്കൊള്ളുന്ന ലിസ്റ്റാണ് നിലവിലുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടെൻഡർ പരസ്യ ചാർജ്ജിനത്തിൽ 6,74,13,080 (ആറു കോടി എഴുപത്തി നാല് ലക്ഷത്തി പതിമൂന്നായിരത്തി എൻപത് രൂപ മാത്രം) രൂപയും ഡിസ്പ്ലേ പരസ്യ ചാർജ്ജിനത്തിൽ 1,75,00,000 (ഒരു കോടി എഴുപത്തി അഞ്ച് ലക്ഷം രൂപ മാത്രം) രൂപയും വിവിധ പത്രമാധ്യമങ്ങൾക്ക് നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർ പൂർണ്ണമായി സജ്ജമല്ലാത്തതിനാൽ പത്രങ്ങൾക്ക് ബാക്കി നൽകാനുള്ള തുക എത്രയാണെന്ന കണക്ക് കൃത്യമായി ലഭ്യമല്ല.

(സി) പരസ്യങ്ങൾ മാധ്യമങ്ങൾക്ക് നല്കുന്നത് 7-7-1999-ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം. 8/1999/പി.ആർ. പ്രകാരമാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം (11) ആയി ചേർത്തിട്ടുണ്ട്. *

(ഡി) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രതിമാസ പ്രസിദ്ധീകരണങ്ങളായ 'ജനപഥം' 'കേരള കോളിംഗ്' മാസികകളും 'വികസനസമന്വയം' 'കേരള ഇന്റർഫെയ്സ്' ന്യൂസ് ലെറ്ററുകളും 2002 ഒക്ടോബർ മാസം മുതൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ വിളിച്ച് സഹകാര്യ പ്രസ്സിൽ അച്ചടിച്ചുവരുന്നു. 2002 ഒക്ടോബർ മുതൽ 2003 ജൂൺ വരെ 'ജനപഥം' 'കേരള കോളിംഗ്' മാസികകൾ തിരുവനന്തപുരം 'അക്ഷര ഓഫ്സെറ്റിലും' ന്യൂസ് ലെറ്ററുകൾ 'സെന്റ് ജോസഫ് പ്രസ്സിലും' അച്ചടിച്ചു. 24-6-2003-ലെ സർക്കാർ ഉത്തരവു (സാ) നം. 119/03/ഐ.പി.ആർ. പ്രകാരം 2003 ജൂലായ് മുതൽ 2004 മാർച്ച് വരെ പ്രസ്തുത നാല് പ്രസിദ്ധീകരണങ്ങളും ഏറ്റവും കുറഞ്ഞ നിരക്ക് കാട്ട് ചെയ്ത അക്ഷര ഓഫ് സെറ്റിൽ അച്ചടിക്കുവാൻ ഉത്തരവായിട്ടുണ്ട്. അതിന്റെ അച്ചടി നിരക്ക് അനുബന്ധം (111) ആയി ചേർത്തിട്ടുണ്ട്. *

വിദേശങ്ങളിൽ ജോലിചെയ്യുന്ന സർക്കാർ ജീവനക്കാർ

151 (2093) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സർക്കാർ ജീവനക്കാരിൽ നിന്നും എത്രപേർ ഇപ്പോൾ വിദേശങ്ങളിൽ ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇവരുടെ വകുപ്പുതിരിച്ചുള്ള ലിസ്റ്റ് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഇതു സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly